**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6108** **17-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് ഭൂമി വിട്ടുനൽകുന്ന ഭൂവുടമകളെ നിക്ഷേപകരാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൻകിട വ്യവസായ സംരംഭങ്ങൾക്ക് ഭൂമി വിട്ടു നൽകുന്ന ഭൂവുടമകളെ നിക്ഷേപകരാക്കുന്നതിനായി പ്രത്യേക പദ്ധതി രൂപീകരിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ഇത്തരമൊരു പ്രത്യേക പദ്ധതി രൂപീകരിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി മുന്നോട്ടു വരുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ ധനസഹായം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) | വ്യവസായ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്.<br><br>കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേക്ക് ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരത്തോടുകൂടി നടപ്പിലാക്കിവരുന്നു. കിഫ്ബി വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്. സംസ്ഥാനത്ത് കോറിഡോറുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതു പ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 312 ഏക്കറും പാലക്കാട് പുതുശ്ശേരി സെൻട്രൽ I & II-ൽ 1158 ഏക്കറും പുതുശ്ശേരി III- ൽ 375 ഏക്കറും ചേർത്ത് മൊത്തം 1845 ഏക്കറും, എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ ഗിഫ്റ്റ്സിറ്റി സ്ഥാപിക്കുന്നതിനായി 358 ഏക്കറും ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. 85% നടപടികളും പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. പാലക്കാട് നോഡിന് കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 2000 കോടി രൂപയുടെ നിക്ഷേപവും 22,000 പേർക്ക് നേരിട്ടും 80,000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പുതുതായി നിർമ്മിക്കുവാനുദ്ദേശിക്കുന്ന വിഴിഞ്ഞം-നാവായിക്കുളം റിംഗ് റോഡുമായി ബന്ധപ്പെട്ട് വ്യവസായ ഇടനാഴി വികസനം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കിലോ മീറ്റർ നീളത്തിൽ ഏകദേശം 400 സ്ക്വ.കി.മീ. തുടർച്ചയായുള്ള സ്ഥലം (ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ) ഒരു പ്രത്യേക നിക്ഷേപ മേഖലയായി വികസിപ്പിക്കുവാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇതിലേക്കായി പ്രത്യേക നിയമ നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. കാപ്പിറ്റൽ റീജിയൻ ഡവലപ്പ്മെന്റ് പ്രോജക്ട് തയ്യാറാക്കിയ കരട് SIR Bill, കരട് Land pooling Rules എന്നിവ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ